കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃക്കൂർ ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)116/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in
തീയതി:25.5.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
തൃക്കൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൃക്കൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)116/2020 തിയ്യതി : 25.5.2020

**<u>തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.09.2018 മുതൽ 22.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2019 മുതൽ 28.11.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റഫി ജോൺ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | സിജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | സുനിൽകുമാർ കെ.സി. | അസി.ഓഡിറ്റ് ഓഫീസർ |
| | ധന്യ എ.സുരേന്ദ്രൻ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | പേര് | കാലയളവ് |
|---|---|---|
| [illegible] | [illegible] | |

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രേമ കുട്ടൻ | 01.04.18 മുതൽ 31.03.19 വരെ |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.കെ.സി. സന്തോഷ് | 01.04.18 മുതൽ 31.03.19 വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.അജിത്ത്.എം.എം | 01.04.18 മുതൽ 31.03.19 വരെ |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.ഗ്രേസി വർഗ്ഗീസ് | 01.04.18 മുതൽ 31.03.19 വരെ |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.സുന്ദരി മോഹൻദാസ് | 01.04.18 മുതൽ 31.03.19 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം</u>

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | സി.ജി.ജയകൃഷ്ണൻ | 01.04.18 മുതൽ 31.05.18 വരെ |
| | നന്ദകുമാരൻ .കെ.കെ | 01.06.18 മുതൽ 25.06.18 FN വരെ |
| | ജെയ്സൺ.പി.എ | 25.06.18 AN മുതൽ 29.06.18 FNവരെ |
| | ഷഹീദ്.എം.എ | 29.06.18 AN മുതൽ 14.3.19വരെ |
| | ജെയ്സൺ.പി.എ | 15.3.19 മുതൽ 31.3.19വരെ |
| കൃഷി ഓഫീസർ | സതീശൻ.കെ.കെ | 1.4.18 മുതൽ 24.1.19 വരെ |
| | ഷേർളി | 25.1.19 മുതൽ 7.2.19 വരെ |
| | കവിത.പി.ആർ | 8.2.19മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | അനു.പി.പ്രഭു | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷീന.കെ.വാസു | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനീസ.വി.അലി | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ശ്യാമളൻ.എം.ജി | |

| | | |
|---|---|---|
| (ആയുർവേദം ) | | 1.4.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.രഘു.സി.ബി | 01.04.18 മുതൽ 31.03.19 വരെ |
| പ്രധാന അദ്ധ്യാപിക | ഇന്ദിര | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ(കല്ലൂർ സർക്കിൾ) | ഉണ്ണികൃഷ്ണൻ.എം.സി | 01.04.18 മുതൽ 18.1.19വരെ |
| | സുമ.എം.എസ് | 19.1.19 മുതൽ 31.3.19വരെ |
| വി.ഇ.ഒ ( തൃക്കൂർ സർക്കിൾ) | സുമ.വി.ടി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | നന്ദകുമാരൻ.കെ.കെ | 01.04.18 മുതൽ 25.6.2018 FNവരെ |
| | ജെയ്സൺ.പി.എ | 25.6.2018 ANമുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശാന്ത.കെ.കെ | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | മുഹമ്മദ് റീസ് | 01.04.18 മുതൽ 31.03.19വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | അനധികൃത ഫാമിന്റെ പ്രവർത്തനം | 1-12 |
| | | |

| | | |
|---|---|---|
| 13 | തുക വരവില്ലാതെ രസീതി എഴുതുകയും ക്യാൻസൽ ചെയ്യാൻ വിട്ടു പോവുകയും ചെയ്തു | 1-13 |
| 14 | പെയിൻ ആൻ്റ് പാലിയേറ്റീവ് തുക വക മാറ്റി ചെലവഴിച്ചതിനാൽ മുഴുവൻ തുകയും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. | 1-14 |
| 15 | കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-15 |
| 16 | മരുന്നുകൾ ലഭ്യമായിട്ടില്ല .തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |
| 17 | കൃഷി | 1-17 |
| 18 | മൃഗസംരക്ഷണം. | 1-18 |
| 19 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1-19 |
| 20 | കോൺക്രീറ്റ് റോഡ് പ്രവൃത്തി-ഫോം വർക് ചെയ്യാതെ അതുൾപ്പെടെയുള്ള നിരക്ക് നല്കുന്നു-നഷ്ടം നിജപ്പെടുത്താൻ പ്രവൃത്തികളുടെ പുനപരിശോധന ശുപാർശ ചെയ്യുന്നു | 1-20 |
| 21 | ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് റോഡ് നിർമാണം-ആസ്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും ബാലൻസ്ഷീറ്റിലും ഉൾപ്പെടുത്തി | 1-21 |
| 22 | പണി തുടങ്ങാത്തതിനാൽ ഉപേക്ഷിച്ച പ്രോജക്റ്റുകൾ- കരാറുകാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടില്ല. | 1-22 |
| 23 | ആസ്തികൾ ആസ്തി രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തുന്നില്ല-റവന്യൂ ചെലവായി എഴുതിതള്ളുന്നു. | 1-23 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ- പട്ടികജാതി ആണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല- 115775രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | തൊഴിലുറപ്പ് - ഗ്രാമസഭ സർക്കാർ നിർദ്ദേശത്തിനനുസൃതമായി സംഘടിപ്പിക്കപ്പെട്ടില്ല. | 1-25 |
| 26 | സെക്രട്ടറിയുടെ പദ്ധതിനിർവ്വഹണത്തിലെ ചെലവിൽ കുറവ് | 1-26 |
| 27 | ജൈവവള നിർമ്മാണ യൂണിറ്റ് - മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിനു മുൻപ് മുൻകൂർ നൽകി | 1-27 |
| 28 | തൊഴിലുറപ്പ് പദ്ധതി - | 1-28 |

| | | |
|---|---|---|
| | ഉത്പാദനക്ഷമവുമായ സാമൂഹിക ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്. | |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| 29 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 30 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 37 | ചാർജ്ജ് – സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 41 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തികവർഷത്തെ ബജറ്റ് 9.03.2018 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 12.2.2019 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുകയും ചെയ്തു.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 25.4.2019 |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3859601 |
| വരവ് | 93870705 |
| ആകെ | 97730306 |
| ചെലവ് | 76672519 |
| നീക്കിയിരിപ്പ് | 21057787 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ബാക്കി തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17827036 | 17827036 | 14539426 | 3287610 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5976000 | 5976000 | 4883638 | 1092362 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 142000 | 142000 | 141348 | 652 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11460000 | 11460000 | 9971081 | 1488919 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4365000 | 4365000 | 4350780 | 14220 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8275000 | 8275000 | 8185335 | 89665 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 188 | 98594601 | 120 | 59929693 | 52 | 16 | 63.82 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകൾ-ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22799 | 396694 | 419593 | 370834 | 48759 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 34365160 | 34365160 | 34365160 | - |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 89160 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 7173500 | 567 |
| വിധവാ പെൻഷൻ | 13451200 | 1120 |
| വാർദ്ധക്യകാല പെൻഷൻ | 25665100 | 2060 |
| വികലാംഗപെൻഷൻ | 4591200 | 358 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1310200 | 110 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | ഇല്ല | |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-11-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8062 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

. കേരള പഞ്ചായത്ത് രാജ്(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, 1997-ലെ ചട്ടം 13 പ്രകാരം വാർഷിക ഓഡിറ്റിൽ പഞ്ചായത്തിന്റെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച് എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതോടൊപ്പം നടപടിക്രമം പാലിച്ചുകൊണ്ടുതന്നെയാണൊ ചെലവ് ചെയ്തിട്ടുള്ളതെന്നും ഭരണപരമായ കാര്യക്ഷമത, പഞ്ചായത്തിന്റെ സാമ്പത്തിക അച്ചടക്കം എന്നിവയെ സംബന്ധിച്ച് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ താഴെ പറയുന്ന വിഷയങ്ങളിലേക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

- ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ഫ്രണ്ട്ഓഫീസ് ഡയറി പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല.
- പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്.

പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനട്ട്സ് പരിശോധിച്ചതിൽ കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന കാണുന്നു. വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

- സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ നിരവധി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. ഉദാഹരണത്തിന് ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രുഷ്ക്കാന്തി പുലർത്തേണ്ടതാണെന്ന് വിവിധ സർക്കുലറുകൾ പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൃക്കൂർ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും ഇല്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമിയിൽ കൈയ്യേറ്റങ്ങളില്ല എന്ന് ഉറപ്പിക്കുവാനും ഭാവിയിൽ കൈയ്യേറ്റങ്ങളുണ്ടാകാതിരിക്കുവാനുമുള്ള നടപടികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൈക്കൊള്ളേണ്ടതാണ്.
- റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിററി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.
- തൊഴിലുറപ്പ് ഗ്രാമസഭ സർക്കാർ നിർദ്ദേശപ്രകാരം കൂടിയിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 7.11.2019മുതൽ 8.11.2019 | ഒക്ടോബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 27.10.2015 മുതൽ 11.11.2015 വരെ | 2010-11 മുതൽ 2014-15 വരെ | 25.12.2015 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" | 2673874 | 2551202 | 104358 | 39410 |

| | | | | |
|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2673874 | 2656917 | 254333 | *39410 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( 41441/105X100)= 39468<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1850343 | 1803644 | 227563 | 32013 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | * |
| | (ഇൻകം & എക്സിപെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (33627/105X100)=32026<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |
| | 1850343 | 1715540 | | 32013 |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 331320 | 265430 | 68737 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 388016 | 260444 | **68839 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(149105+258312=407417/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (72281/105X100)= 68839 |
| | 388016 | 260444 | 68839 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 89597 | 68398 | 22149 |
| വാർഷിക കണക്കിലെ | 83998 | 67160 | 22149 |
| | (2017-18 ലെ | (റസീറ്റ് & | ** |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(28313+59885=88198/105*100) | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (23278/105X100)=22170,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 136436 | 17328 | 153764 | 129381 | 13556 | 142937 | - | - | 2001 | 3544 | 5545 (DCBയിൽ 55467) |
| | നോൺ-റെസിഡൻഷ്യൽ | 93301 | 4634 | 97935 | 90581 | 3457 | 94038 | - | - | 1614 | 1129 | 2743 (DCBയിൽ 22724) |
| | ആകെ | 229737 | 21962 | 251699 | 219962 | 17013 | 236975 | | | 3615 | 4673 | 8288 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 252702 | | | 237534 | | | | 244414 | 8288 | | |
| | | 24251+228451 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State govt . Cess/ levies ...... ലെഡ്ജർ2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 - State govt . Cess/levies ...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 20907 | 40594<br>(ലൈബ്രറി സെസ്സ്, സർവീസ് സെസ്സ് ഉൾപ്പെടെ) |
| 2 | 350410101-Advance collection of revenues - | 16087 | 17667 |

| | | | |
|---|---|---|---|
| | Property tax on Non-Residential building | | (ലൈബ്രറി സെസ്സ്, സർവീസ് സെസ്സ് ഉൾപ്പെടെ) |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 204 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 03.04.2018, 28.11.2018 എന്നീ തിയതികളിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 237534 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 236975 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

2.8 “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 0 | 254333 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 0 | 227563 |

2.9.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 481896 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800233 | 30.3.19 | 149105 |
| 2 | 41800256 | 30.3.19 | 870 |
| 3 | 41800257 | 31.3.19 | 104358 |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800229 | 30.3.19 | 102790 |
| 2 | 41800231 | 30.03.19 | 93727 |
| 3 | 41800260 | 31.3.19 | 31046 |

3.2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (...... കെട്ടിടങ്ങൾ) | 130100101-Rent from Building | 14472 | 8.10.18 | 41800059 |
| 2. | ഭൂമി പാട്ടം (...... എണ്ണം) | 130100102-Rent from lease of lands | - | - | - |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 140339 |
| 280100104-Prior period income-Property tax on non residential buildings | 31046 |
| 280200101-Prior period income-Rent from Building | - |
| 280200401-Prior period income-Other income | - |
| 280800101-Prior period-Establishment expenses | -3000 |
| 280800501-Prior period- Programme expenses | - |

5.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 17198186 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16353856രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8. 2018-19 വർഷത്തെ Income and expenditureപത്രിക പ്രകാരം 955525രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

9. ശുചിത്വമിഷൻ ഗ്രാന്റ് ശീർഷകത്തിലെ (320200322) 2018-19ലെ വരവുചെലവുകളുടെ സംക്ഷിപ്തം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 407000 |
| 2018-19വരവ് | 568304 |
| ആകെ | 975304 |
| ചെലവ് | 170000 |
| നീക്കിയിരിപ്പ് | 805304 |

മേൽകണക്ക് പ്രകാരം ശുചിത്വമിഷൻ അക്കൗണ്ടിൽ 805304രൂപ നീക്കിയിരിപ്പ് ഉണ്ടാവേണ്ടതുണ്ട്. എന്നാൽ, വാർഷികകണക്ക് പ്രകാരം നീക്കിയിരിപ്പ് 635304രൂപയാണ്. 170000/- രൂപയുടെ വ്യത്യാസമുണ്ട്. മെഡിക്കൽ ഓഫീസർ പി.എച്ച്.സിക്ക് 2017-18 വർഷം മഴക്കാലപൂർവ്വ ശുചീകരണത്തിനായി നൽകിയ മുൻകൂർ തുകയ്ക്ക് (170000/-) വിനിയോഗസാക്ഷ്യപത്രം ലഭിച്ചപ്പോൾ അഡ്വാൻസിൽ നിന്നും കുറവ് ചെയ്തതാണ് ഈ വ്യത്യാസത്തിന് കാരണമെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും 170000 രൂപ അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള തുകയല്ല.

10. നാഷണൽ ഓൾഡ് ഏജ് പെൻഷൻ 16500രൂപ RP-7പ്രകാരം വരവുണ്ട്. അക്കൗണ്ടിലേക്ക് വിതരണം ചെയ്ത തുക പെൻഷണർ മരണപ്പെട്ടതിനാൽ തിരികെ വന്നതാണിത്. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക I-6 പ്രകാരം മേൽ തുക വീണ്ടും വരവായി എടുക്കുകയും തൽഫലമായി മേൽതുക ഇരട്ടിപ്പ് വരികയും ചെയ്തിട്ടുണ്ട്.

11. 100000രൂപ cheque deposited not collected ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. വൗച്ചർ നമ്പർ11711000010/30.3.18, ട്രഷറി ടി.എസ്.ബി അക്കൗണ്ട്. ആയത് ബാങ്കിൽ നിക്ഷേപിച്ച് ഒരു വർഷമായിട്ടും തുക ക്രഡിറ്റ് ചെയ്തിട്ടില്ല.

12. Secured loan from co-operative bank 31.3.19ബാലൻസ്, ലോൺ രജിസ്റ്റർ പ്രകാരം 11676027 ഉം വാർഷികകണക്ക് പ്രകാരം 11631267 ഉം ആണ്. ലോൺ രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

13. ഡിപ്രീസിയേഷൻ കണക്കാക്കിയതിന് ആധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

# 1-12 അനധികൃത ഫാമിന്റെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ 14ാംവാർഡിൽ ശ്രീ പി ടി ബെന്നി പുന്നേലിപ്പറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന തോംസൺ ഡയറിഫാമിനെതിരെ സമീപവാസികൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അന്വേഷണം നടത്തിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും അറിയുന്നു. കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള മാലിന്യം സമീപ പ്രദേശത്ത് നിക്ഷേപിച്ചു മൂലം പരിസരവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചുമായി ബന്ധപ്പെട്ട പരാതി വസ്തുതാപരമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. (ടി ഫാമിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായിട്ടില്ലാത്തതാണ്.) ആയതിന്റെ അടിസ്ഥാനത്തിൽ ഫാം പ്രവർത്തനം നിർത്തി വക്കുന്നതിനും നിർത്തി വച്ചത് രേഖാമൂലം അറിയിക്കുന്നതിനും സെക്രട്ടറി 1.11.2019 ന നോട്ടീസ് നൽകിയിരുന്നു. എന്നാൽ ഫാം പ്രവർത്തനം നിർത്തി വച്ചു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഫാം പ്രവർത്തനം തുടരുന്നുണ്ടെങ്കിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 255 പ്രകാരവും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ 12 പ്രകാരവും സ്വീകരിച്ച ശിക്ഷാനടപടികൾ ചോദിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം.10,28.11.2019) നൽകിയതിനെ തുടർന്ന് 2000 രൂപ 28.11.2019ന രസീതി നം.119070105390 പ്രകാരം പിഴ ഈടാക്കിയതായി രസീതിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നില്ലയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-13 തുക വരവില്ലാതെ രസീതി എഴുതുകയും ക്യാൻസൽ ചെയ്യാൻ വിട്ടു പോവുകയും ചെയ്തു

8.10.2018 തിയതിയിലെ വസ്തു നികുതി ക്യാമ്പ് കളക്ഷന്റെ ഭാഗമായി 1146 രൂപ മാനുവൽ രസീതു ബുക്ക് നമ്പർ 35334 ലെ 99ാം രസീതു പ്രകാരം കളക്റ്റ് ചെയ്തതായും എന്നാൽ തുക ഡേ ബുക്കിൽ ചേർക്കാതെയും ബാങ്കിൽ അടവാക്കാതെയും കണ്ടതിനാൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം.2,23.11.2019)നൽകി. എന്നാൽ ടി തുക മറ്റൊരു ദിവസം ഫ്രണ്ട് ഓഫീസ് മുഖേന കളക്റ്റ് ചെയ്തിട്ടുള്ളതായും 99/35334 നമ്പർ രസീത് ക്യാൻസൽ ചെയ്യാൻ വിട്ട് പോയതാണെന്നും അറിയിക്കുകയും, ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ടി രസീത് ക്യാൻസൽ ചെയ്തതും തുക വരവ് വന്ന ഡേ ബുക്ക്, രസീത് എന്നിവയും പരിശോധനക്ക് ഹാജരാക്കി. ഇത്തരത്തിലുള്ള അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-14 പെയിൻ ആന്റ് പാലിയേറ്റീവ് തുക വക മാറ്റി ചെലവഴിച്ചതിനാൽ മുഴുവൻ തുകയും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പെയിൻ ആന്റ് പാലിയേറ്റീവ്

പ്രവർത്തനം (S0049/18)എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ട് 6ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 3 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ളതും പി.എച്ച്.സി മരുന്ന വാങ്ങൽ (S0039/18)എന്ന പ്രോജക്ടിനായി മെയിന്റനൻസ് ഗ്രാന്റിനത്തിൽ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്.

പി.എച്ച്.സി യ്ക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്ട് ഉണ്ടായിരിക്കെ പാലിയേറ്റീവ് പ്രോജക്ടിൽ നിന്നും 2 ലക്ഷം രൂപ പി.എച്ച്.സി യ്ക്ക് മരുന്ന വാങ്ങൽ പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിക്കുകയും ചെയ്തു. പാലിയേറ്റീവിന്റെ തുക വക മാറ്റി ചെലവഴിച്ചതിനാൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ഇല്ലാതെ വരികയും പി.എച്ച്.സി മരുന്ന വാങ്ങൽ പ്രോജക്ടിന വകയിരുത്തിയ തുക2 ലക്ഷം രൂപ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്തു. ആയതിൽ 134722 രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. പാലിയേറ്റീവ് ചെലവുകൾക്കായി തുകയിൽ നിന്നും 65278 രൂപ ചെലവഴിക്കാൻ സാധിച്ചിട്ടില്ല .2/19 മുതൽ പാലിയേറ്റീവ് നേഴ്സിന്റെ ശമ്പളവും 31.3.19 വരെയുള്ള ഹോംകെയർ ചെലവുകളും 2018-19 സാമ്പത്തിക വർഷം നടത്താൻ സാധിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണത്തിൽ ഉണ്ടായ പോരായ്മ മൂലമാണ് ഇത്തരത്തിൽ ഒരു അപാകത സംഭവിച്ചിരിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണം-വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നം.S003/19

അടങ്കൽ- വികസനഫണ്ട് -600000/-

ഗുണഭോക്തൃവിഹിതം,(നേരിട്ട് ചെലവഴിക്കുന്നത് )-600000/-

ചെലവ്-ട്രഷറി ബില്ല് നം.5/30.1.2019 , 287500/-

7/23.3.2019 , 312500/- , ആകെ-600000/-

96ഗുണഭോക്താക്കൾക്ക് 6250 രൂപ വിതം 600000/- രൂപ എസ്.എൽ.ബി.പി ക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗവിവരം നിർവ്വഹണ ഏജൻസിയായ എസ്.എൽ.ബി.പിയിൽ നിന്നും ലഭ്യമാക്കേണ്ടതും ബാക്കിവന്ന സബ്സിഡി തുക സർക്കാരിലേക്ക് തിരിച്ചടവാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-16 മരുന്നുകൾ ലഭ്യമായിട്ടില്ല .തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ .പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ പ്രോജക്ട് | നൽകിയ തുക | ട്രഷറി ബിൽ നമ്പർ /ചെക്ക് നമ്പർ | മരുന്നുകൾ ലഭ്യമാകാനുള്ള തുകയുടെ വിവരം |
|---|---|---|---|---|
| 1 | S049/19 പാലിയേറ്റീവ് പരിചരണം | 300000 | ലഭ്യമല്ല | 197537 |
| 2 | S049/19 പാലിയേറ്റീവ് പരിചരണം | 78755 | 20/21.3.19 | 78755 |
| 3 | S039/18 പി.എച്ച്.സി മരുന്ന വാങ്ങൽ പദ്ധതി | 200000 | 11/22.12.18 | 50293 |

മരുന്നുകൾ എത്രയും വേഗം ലഭ്യമാകുന്നതിന വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

# 1-17 കൃഷി

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള കൃഷി, ചെറുകിട ജലസേചനം മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയ വിഷയങ്ങൾ പരിശോധനാവിധേയമാക്കിയതിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

1 . കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 163 പ്രകാരം കൃഷി വർക്കിംഗ് ഗ്രൂപ്പ് പഞ്ചായത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. 2017-18 കാലയളവിൽ 2 തവണ യോഗം ചേർന്നു. വിവിധ പദ്ധതികൾക്കായുള്ള ശുപാർശകൾ മിനിറ്റ്സിൽ രേഖപ്പെടുത്തികാണുന്നു. എന്നാൽ ഓരോ പ്രോജക്ടിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ കൃഷി വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്തിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ് ശുപാർശകളിൽ നെൽകൃഷി വികസനം, തെങ്ങ്കൃഷി വികസനം, വാഴകൃഷി വികസനം, പച്ചക്കറി വികസനം എന്നിവ പദ്ധതികളായി രൂപപ്പെടുത്തി നിർവ്വഹണം നടത്തി. ഫലവൃക്ഷത്തൈ വിതരണം, തരിശു നെൽകൃഷിക്ക് കൂടുതൽ ആനുകൂല്യം നൽകുക, ജാതി,കവുങ്ങ് കൃഷികൾക്ക് ജൈവവളം, കൃഷിക്ക് യന്ത്രങ്ങൾ ലഭ്യമാക്കുക, തരിശുഭൂമി കൃഷിക്ക് സബ്സിഡി 100% ആക്കുകതുടങ്ങിയ ശുപാർശകൾ പദ്ധതികളായി രൂപപ്പെടുത്തിയിട്ടില്ല.

3. 2018-19 വർഷത്തിൽ 5 പദ്ധതികൾക്കാണ് ഡി.പി.സി അംഗീകാരം ലഭിച്ചത്. മൊത്തം 3525334രൂപ വകയിരുത്തിയെങ്കിലും 2718028 രൂപയാണ് ചെലവാക്കാനായത്.

4. കൃഷിയുമായി ബന്ധപ്പെട്ട പ്രധാന മേഖലചുമതലയാണ് തരിശ്ശുഭൂമികളും, പ്രാന്തപ്രദേശങ്ങളും കൃഷിചെയ്യിപ്പിക്കുക എന്നത്. സ്റ്റാറ്റസ് റിപ്പോർട്ടനുസരിച്ച് ഏകദേശം 20 ഹെക്ടർ കൃഷിയോഗ്യമായ തരിശ്ശുഭൂമി പഞ്ചായത്തിലുണ്ട്. എന്നാൽ തരിശുഭൂമിയിൽ കൃഷി നടപ്പാക്കുക എന്ന പദ്ധതിക്കായി വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ഉണ്ടായിരുന്നെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

5. ചെറുകിട ജലസേചനപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച്, സർക്കാർ കനാൽ-1, പുഴ-1, കുളങ്ങൾ-16, തോടുകൾ-26 നീർച്ചാലുകൾ-14 ചിറ-1 എന്നിങ്ങനെ പഞ്ചായത്തുപ്രദേശത്തുണ്ട്. കാലവർഷസമയത്ത് പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വെള്ളക്കെട്ടും, വേനൽക്കാലത്ത് വരൾച്ചയും അനുഭവപ്പെടുന്നുണ്ട്. തരിശുഭൂമികൾ കൃഷിചെയ്യുന്നതിലേക്ക് നിലവിലുള്ള ജലസ്രോതസുകൾ സംരക്ഷിച്ച് ജലസേചന സൗകര്യം സൃഷ്ടിക്കാവുന്നതാണ്. കാർഷിക അനുബന്ധ മേഖലയിലെ പ്രോജക്ടുകൾക്ക് സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിരിക്കേണ്ടതാണ്

6.കാർഷിക മേഖലയിൽ മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവത്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

7.ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രോജക്ടുകൾക്കും ജൈവകൃഷിയും ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടേയും ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾക്കും പ്രാധാന്യം നൽകണം.

8.കാർഷികപദ്ധതികൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.

9. പദ്ധതി അംഗീകരിച്ചതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി ഫയലിനൊപ്പം മോണിറ്ററിംഗ് /കംപ്ലീഷൻ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

# 1-18 മൃഗസംരക്ഷണം.

മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംങ് ഗ്രൂപ്പ് മിനിറ്റ്സ് രേഖപ്പെടുത്തൽ പൂർണമാക്കി കാലികമായി സൂക്ഷിച്ചിട്ടില്ല. 15.3.18, 2.10.18 തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ മൃഗാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ, മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽഎന്നിവ പദ്ധതികളായി നടപ്പാക്കിയിട്ടുണ്ട്. പോത്തുകുട്ടി വളർത്തൽ പദ്ധതി, പശുവളർത്തൽ പദ്ധതി, ICDPഉപകേന്ദ്രം പ്ലമ്പിംഗ് ആന്റ് ഇലക്ട്രിഫിക്കേഷൻ, മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ, കോഴി വളർത്തൽ എന്നിവ പദ്ധതികളാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി മാറണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല.

# 1-19 ശാരീരിക മാനസിക വെല്ലുവിളികൾ

# നേരിടുന്നവർക്ക് സ്കോളർഷിപ്പ്.

പ്രോജക്ട് നമ്പർ - SO 37/19

നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

| | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 500000 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 300000 | 150000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 225000 | 0 |

പഞ്ചായത്തീരാജ് /നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഒരു വർഷത്തേക്കുള്ള സ്കോളർഷിപ്പ് താഴെപ്പറയുന്ന പ്രകാരമാണ്.

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് തുക |
|---|---|---|
| 1 | സ്കോളർഷിപ്പ് പ്രതിമാസം1000/- രൂപ വീതം | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം 1000/- രൂപ വീതം) | 12000 |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |
| ആകെ | | 28500 |

ഈ പദ്ധതി പ്രകാരമുള്ള 52 ഗുണഭോക്താക്കളിൽ 31 പേർ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. ഇവർക്ക് നൽകിയിരിക്കുന്ന പരമാവധി തുക 14000 രൂപയാണ്. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മാർഗ്ഗരേഖ അനുസരിച്ചുള്ള പരമാവധി തുകയായ 28,500/- രൂപ തന്നെ ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 150000 രൂപയാണ് ലഭ്യമായിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതം 225000 രൂപ വകയിരുത്തിയിരുന്നതിൽ ഒന്നും തന്നെ ലഭ്യമായിട്ടുമില്ല. ഇതും കുട്ടികൾക്കുള്ള വിഹിതം കുറയാൻ കാരണമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ മുഴുവൻ വിഹിതവും ലഭ്യമാവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-20 കോൺക്രീറ്റ് റോഡ് പ്രവൃത്തി-ഫോം വർക് ചെയ്യാതെ അതുൾപ്പെടെയുള്ള നിരക്ക് നല്കുന്നു-നഷ്ടം നിജപ്പെടുത്താൻ പ്രവൃത്തികളുടെ പുനപരിശോധന ശുപാർശ ചെയ്യുന്നു

നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ ചേർത്തിരിക്കുന്ന Road concrete പ്രവൃത്തികളിൽ Delhi Schedule of Rate (DSR) ലെ ഇനം 16.42 അനുസരിച്ചാണ് Cement concrete ന്റെ നിരക്ക് എസ്റ്റിമേറ്റിലും ടെണ്ടർ ഷെഡ്യൂളിലും തുടർന്ന് കരാറുകാരനുമായുള്ള എഗ്രിമെന്റിലും ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഇനത്തിന് ചെയ്തിരിക്കുന്ന പ്രവൃത്തിക്ക് ഈ നിരക്ക് പ്രകാരമാണ് തുക നല്കിയിരിക്കുന്നതും. DSR പ്രകാരം ഈ നിരക്ക് റോഡുകളുടെ ഇരുവശവും ഫോം വർക് ചെയ്യുന്നതു് ഉൾപ്പെടെയുള്ള നിരക്കാണ്. 3 പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ ലഭ്യമായ ഫോട്ടോകളിൽ നിന്നും ഇരുവശവും മതിലുകൾ ഉള്ള റോഡുകൾ കോൺക്രീറ്റിംഗ് നടത്തിയതായും എന്നാൽ ഇരു മതിലുകൾക്കിടയിലുള്ള ഭാഗം പൂർണമായും കോൺക്രീറ്റ് ചെയ്തതിനാൽ ഫോം വർക് ചെയ്തിട്ടില്ല/അതിന്റെ ആവശ്യകത ഉണ്ടായിട്ടില്ല എന്നും കാണുകയുണ്ടായി. ഇതിന് പുറമേ റോഡുകളുടെ വശങ്ങളിൽ ഉയർന്ന മൺതിട്ടകളുള്ള ആ ഭാഗം ഫോം വർക് ചെയ്തിട്ടില്ല എന്നും കാണുകയുണ്ടായി. എന്നാൽ ഈ റോഡുകൾക്കും ഫോം വർക് ഉൾപ്പെടെയുള്ള അടിസ്ഥാന നിരക്ക്, കോസ്റ്റ് ഓഫ് ഇൻഡക്സ് ഉൾപ്പെടെ നൽകുകയുണ്ടായി.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡിന്റെ കോൺക്രീറ്റ് ചെയ്യപ്പെടേണ്ട വീതി കൃത്യമായി കണക്കാക്കേണ്ടിയിരുന്നതും ഫോം വർകിന്റെ തുക എസ്റ്റിമേറ്റിലെ മേൽ ഇനത്തിന്റെ നിരക്കിൽ നിന്ന് കുറവ് ചെയ്ത് ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കേണ്ടിയിരുന്നതും ആയത് പ്രകാരം മാത്രം കരാറുകാരനുമായി കരാറിലേർപ്പെടേണ്ടിയിരുന്നതുമാണ്. (കരാറിലെ വ്യവസ്ഥ 4 പ്രകാരം കേരള ഡീറ്റയിൽസ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷന്റെ പ്രസക്തമായ വ്യവസ്ഥകളാണ് ബാധകം, CPWD സ്പെസിഫിക്കേഷനെ കുറിച്ച് പരാമർശമില്ല.) ഇപ്രകാരം ചെയ്യാത്തതിനാൽ 60,391 രൂപയുടെ നഷ്ടം ഉള്ളതായി പ്രാഥമികമായി കണക്കാക്കുന്നു.

DSR2016 പ്രകാരം 16.42 നമ്പർ ഇനത്തിന്റെ അടിസ്ഥാന നിരക്ക് കണക്കാക്കിയിരിക്കുന്നത് താഴെ ചേർത്തിരിക്കും പ്രകാരമാണ്.(അവലംബം .Delhi Analysis of Rate (DAR)2016).

| നല്കിയ നിരക്ക് (ഫോം വർക് ഉൾപ്പെടെ) | | | | | | നല്കാവുന്ന നിരക്ക് (ഫോം വർക് ഒഴിവാക്കി) | വ്യത്യാസം |
|---|---|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount | Amount | |
| | MATERIAL | | | | | | |
| 0293 | Stone aggregates(Single size) 40 mm-Nominal size | cum | 0.52 | 1250 | 650 | 650 | - |
| 0295 | Stone aggregates(Single size) 20 mm-Nominal size | cum | 0.22 | 1300 | 286 | 286 | - |
| 0297 | Stone aggregates(Single size) 10 mm-Nominal size | cum | 0.11 | 1300 | 143 | 143 | - |
| 2206 | Carriage of Stone aggregate-40 mm-Nominal size | cum | 0.52 | 112.79 | 58.65 | 58.65 | - |
| 2202 | Carriage of Stone aggregate-below 40 mm-Nominal size | cum | 0.33 | 103.77 | 34.24 | 34.24 | - |
| 0982 | Coarse sand(Zone III) | cum | 0.445 | 1200 | 534 | 534 | - |
| 2203 | Carriage of Coarse sand | cum | 0.445 | 103.77 | 46.18 | 46.18 | - |
| 0367 | Portland cement(OPC 43 gr) | tonne | 0.32 | 5700 | 1824 | 1824 | - |
| 2209 | Carriage of cement | tonne | 0.32 | 92.24 | 29.52 | 29.52 | - |
| | LABOUR | | | | | | - |
| 0155 | Mason | day | 0.10 | 467 | 46.7 | 46.7 | - |
| 0114 | Beldar | Day | 1.63 | 368 | 599.84 | 599.84 | - |
| 0101 | Bhisti | Day | 0.70 | 407 | 284.90 | 284.90 | - |
| | MACHINERY | | | | | | - |
| 0002 | Hire charges of Concrete Mixer 0.25 to<br><br>040 cum with hooper | Day | 0.077 | 800 | 61.60 | 61.60 | - |
| 0012 | Vibrator (Needle type 40mm) | Day | 0.07 | 350 | 24.50 | 24.50 | - |
| 9999 | Sundries | L.S | 26 | 1.73 | 44.98 | 44.98 | - |
| | SIDE SHUTTERING | | | | | | - |
| | Taking the slab to be 5 cm thick and width to be | | | | | | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | 6 meter ,length of road meter = 9.90/24.30=0.407 sqm | | | | | | |
| 5.9.1 | Rate as per item no.5.9.1 ( centering and shuttering including strutting, propping etc and removal form for; foundations,footings,basis of column, etc for mass concrete)<br><br>SH: Reinforced cement concrete work | sq.m | 0.407 | 193.95 | 78.94 | ----- | 78.94 |
| 9999 | Sundries | LS | 1.43 | 1.73 | 2.47 | ----- | 2.47 |
| | TOTAL | | | | 4749.52 | 4668.11 | 81.41 |
| | ADD 1% watercharge on all except 78.94 =4670.58 | | | | 46.71 | 46.68 | - |
| | TOTAL | | | | 4796.23 | 4714.79 | .02 |
| | ADD 15% contractors profit and overheads on all except 78.94 =4717.29 | | | | 707.59 | 707.22 | .37 |
| | Cost for 1 cum | | | | 5503.82 | 5422.01 | 81.80 |
| | Say | | | | 5503.80 | 5422.01 | 81.80 |
| | Cost index 1.402 | | | | 7716.32 | 7601.64 | 114.68 |
| | Cost index 1.3725 | | | | 7553.97 | 7441.71 | 112.26 |

പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | അളവ് പുസ്തകം, പേജ് | ചെയ്ത പ്രവൃത്തിയുടെ അളവ് (cum) | നല്കിയത് | | നല്കാവുന്നത് | | കൂടുതൽ നല്കിയ പരമാവധി തുക |
|---|---|---|---|---|---|---|---|---|---|
| | | | | | നിരക്ക് | തുക | നിരക്ക് | തുക | |
| 1. | 140/19 | മഹാത്മാഗാന്ധി റോഡ് കോൺക്രീറ്റിംഗ് വാർഡ്-4 | 1/18-19,8 | 45.328 | 7716.33 | 349765.81 | 7601.64 | 344567.14 | 5198.67 |
| | | | | | കരാറുകാരൻ: എം.എൻ വിജയൻ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.402<br><br>ബിൽ നമ്പർ 13 തീ 31/05/2018, 373238 രൂപ | | | | |
| 2. | 139/19 | അത്താണി മെയിൻ റോഡ് ജോൺസൺ വീട് കോൺക്രീറ്റിംഗ് വാർഡ്-3 | 2/18-19,9 | 48.742 | 7716.13 | 376109.36 | 7601.64 | 370519.14 | 5590.22 |
| | | | | | കരാറുകാരൻ: എം.എൻ വിജയൻ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.402 | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | ബിൽ നമ്പർ 14 തീ 31/05/2018, 420606 രൂപ | | | |
| 3. | 65/19 | സ്നേഹതീരം റോഡ് കോൺക്രീറ്റിംഗ് | 7/18-19,9 | 53.377 | 7553.97 403208.26<br>കരാറുകാരൻ: എം.എൻ വിജയൻ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 26 തീ 19/11/2018, 441185 രൂപ | 7441.71 | 397216.15 | 5992.11 |
| 4. | 137/19 | എസ്.എം.എസ് എസ് സി കോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ്-2 | 75/17-18,7,8 | 33.68 | 7716.33 259885.99<br>കരാറുകാരൻ: മനോജ് റാഫേൽ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.402<br>ബിൽ നമ്പർ 17 തീ 31/05/2018, 290727രൂപ | 7601.64 | 256023.23 | 3862.75 |
| 5. | 109/19 | ശാന്തിഭവൻ ബി.എസ്.എൻ.എൽ റോഡ് സോളിംഗ് & മെറ്റലിംഗ്,ടാറിംഗ് കോൺക്രീറ്റിംഗ് വാർഡ്-8 | 46/18-19,2 | 22.50 | 7553.97 169964.33<br>കരാറുകാരൻ: ഷാജി സി.കെ ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 50 തീ 14/1/2019, 175558 രൂപ,ബിൽ നമ്പർ 49 തീ 14/1/2019, 318000 രൂപ, | 7441.71 | 167438.48 | 2525.86 |
| 6 | 60/19 | തോട്ടം മൂല റോഡ് കോൺക്രീറ്റിംഗ് വാർഡ് 3 | 59/18-19,6,7 | 13.23 | 7553.97 99939.02<br>കരാറുകാരൻ: ജയൻ വി ടി ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 54 തീ 22/1/2019, 111014 രൂപ | 7441.17 | 98446.68 | 1492.34 |
| 7 | 54/19 | നെല്ലിച്ചോട് ബ്രാഞ്ച് റോഡ് കോൺക്രീറ്റിംഗ് വാർഡ്-1 | 61/18-19,10 | 57.183 | 7553.97 431958.67<br>കരാറുകാരൻ: റാഫേൽ കെ പി ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 57 തീ 13/3/2019, | 7441.17 | 425508.42 | 6450.25 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | 400000രൂപ,ബിൽ നമ്പർ 58 തീ 22/2/2019, 78953രൂപ | | | | |
| 8 | 59/19 | മേക്കട്ടിപ്പാടം റോഡ് കോൺക്രീറ്റിംഗ് വാർഡ്-3 | 58/19,6,7 | 29.11 | 7553.97 \| 219896.07<br>കരാറുകാരൻ: റാഫേൽ കെ പി ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 65 തീ 19/3/2019, 521497രൂപ | | 7441.17 | 216612.46 | 3283.61 |
| 9 | 67/19 | മതിക്കുന്ന് എസ് സി കോളനി ബ്രാഞ്ച് റോഡ് കോൺക്രീറ്റിംഗ് വാർഡ്-5 | 11/18-19,7,8 | 40.98 | 7553.97 \| 309561.69<br>കരാറുകാരൻ: പ്രശാന്ത് പി എസ് ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 28 തീ 19/11/2018, 347601രൂപ | | 7441.17 | 304939.15 | 4622.54 |
| 10 | 91/19 | പള്ളിക്കുന്ന് വില്ലേജ് ഓഫീസ് റോഡ് കോൺക്രീറ്റിംഗ് വാർഡ്-13 | 10/18-19,7,8 | 32.22 | 7553.97 \| 243388.91<br>കരാറുകാരൻ: പ്രശാന്ത് പി എസ് ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 29 തീ 19/11/2018, 275175രൂപ | | 7441.17 | 239754.50 | 3634.41 |
| 11 | 105/19 | ആയുർവേദ ആശുപത്രി റോഡ് കോൺക്രീറ്റിംഗ് വാർഡ്-12 | 9/18-19,7 | 24.24 | 7553.97 \| 183108.23<br>കരാറുകാരൻ: ജയൻ വി ടി ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 25 തീ 25/10/2018, 208963രൂപ | | 7441.17 | 180373.96 | 2734.27 |
| 12 | 125/19 | പ്ലാവിൻകുന്ന് പുല്ലംകുന്ന് റോഡ് കോൺക്രീറ്റിംഗ് വാർഡ് 10 | 8/18-19,11,12 | 49.04 | 7553.97 \| 370446.69<br>കരാറുകാരൻ: ജയൻ വി ടി ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 27 തീ 19/11/2018, | | 7441.17 | 364914.98 | 5531.71 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | 429254രൂപ | | | | |
| 13 | 136/19 | കായൽ തോട് റോഡ് കോൺക്രീറ്റിംഗ് വാർഡ് 1 | 76/17-18,8 | 50.58 | 7716.33<br>കരാറുകാരൻ: മനോജ് റാഫേൽ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.402<br>ബിൽ നമ്പർ 10 തീ 31/05/2018, 438749രൂപ | 390291.97 | 7601.64 | 384490.95 | 5801.02 |
| 14 | 62/19 | തൃക്കർ ലിസ്സീന ഗുജറാത്ത് കുന്ന് റോഡ് കോൺക്രീറ്റിംഗ് വാർഡ്-3 | 40/18-19,6,7 | 12.30 | 7553.97<br>കരാറുകാരൻ:രാജേഷ് പി ആർ,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 41 തീ 31/12/2018, 102696രൂപ | 92913.83 | 7441.17 | 91526.39 | 1387.44 |
| 15 | 124/19 | കരുവാൻകുന്ന് ബ്രാഞ്ച് റോഡ് 2 കോൺക്രീറ്റിംഗ് വാർഡ് -2 | 25/18-19,6,7 | 20.25 | 7553.97<br>കരാറുകാരൻ:പ്രശാന്ത് പി എസ്,എസ്റ്റിമേറ്റ് നിരക്ക്,കോസ്റ്റ് ഇൻഡക്സ് 1.3725<br>ബിൽ നമ്പർ 36 തീ 11/12/2018, 171179രൂപ | 152967.89 | 7441.17 | 150683.69 | 2284.20 |
| ആകെ | | | | | --- | | | | 60391.14 |

ഇതിൽ ക്രമനമ്പർ 1, 2, 3 ഫയലിൽ ലഭ്യമായ ഫോട്ടോ പ്രകാരം ഫോം വർക് ചെയ്തിട്ടില്ല എന്ന് കാണുന്നു. ഈ മൂന്ന് പ്രവൃത്തികൾ മെഷർമെന്റും ചെക്ക് മെഷർമെന്റും ചെയ്തിട്ടുണ്ടെങ്കിലും ഫോം വർകിന്റെ നിരക്ക് അളവ് പുസ്തകത്തിൽ കുറച്ചിട്ടില്ല. ആയതിനാൽ പരിശോധന സംവിധാനം ദുർബലമാണെന്ന് വ്യക്തമാകുന്നു. ബാക്കി ഫയലുകളിൽ പ്രവൃത്തിയുടെ ഫോട്ടോ സൂക്ഷിച്ചിട്ടില്ല. പരിശോധന സംവിധാനം ദുർബലമായതിനാൽ ബാക്കി പ്രവൃത്തികളിലും ഈ അപാകത ഉണ്ടാകാൻ സാധ്യത കാണുന്നു. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ മേൽ പ്രവൃത്തികളുടെ സ്ഥല പരിശോധന നടത്തേണ്ടതും ഫോം വർക് ചെയ്തിട്ടിണ്ടോയെന്ന് റിപ്പോർട്ട് തയ്യാറാക്കി, പരിശോധിച്ച് ഫോം വർക് ചെയ്തിട്ടില്ല എന്ന് ഉറപ്പാക്കാനാകുന്ന റോഡ് പ്രവൃത്തികൾക്ക് കൂടുതൽ അനുവദിച്ച തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി 8 തീ 27/11/2019).

ഇരുവശങ്ങളിലും ഫോം വർക് വച്ച് ചെയ്തതാണെന്നും കോൺക്രീറ്റിനും മതിലിനും ഇടയിലുള്ള ചെറിയ വിടവ് നിലനില്ക്കുന്നത് അപകടം ഉണ്ടാക്കുമെന്നുള്ള പരിസരവാസികളുടെ അഭ്യർത്ഥന പ്രകാരം ഫോം വർക് മാറ്റി ഇരുവശവും ചേർത്ത് കോൺക്രീറ്റ് ചെയ്യുകയാണ് ഉണ്ടായതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാരണം ഇപ്രകാരം ആദ്യം പ്രവൃത്തി നടപ്പാക്കുകയും വീണ്ടും ബാക്കി ഭാഗം (വിടവ് ഭാഗം) ഫിൽ ചെയ്യുകയുമാണ് ചെയ്തിരുന്നെങ്കിൽ ആദ്യപ്രവൃത്തിയുടെ മെഷർമെന്റും പിന്നീട് വിടവ് വന്ന ഭാഗം ചെയ്യുന്നതിന് പ്രീമെഷർമെന്റും അളവുപുസ്തകത്തിൽ രേഖപ്പെടുത്തുമായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.പൂർണ്ണമായ മെഷർമെന്റാണ് ഒറ്റത്തവണയായി രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ മറുപടി സ്വീകാര്യമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഈ ന്യൂനത പരിഗണിച്ച് ഫോം വർക് ഒഴിവാക്കി നിരക്ക് കണക്കാക്കേണ്ടിയിരുന്നതാണ്.

# 1-21 ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് റോഡ് നിർമാണം-ആസ്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും ബാലൻസ്ഷീറ്റിലും ഉൾപ്പടുത്തി

ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കനാൽ ബണ്ടിൻമേൽ ഗ്രാമപഞ്ചായത്ത് താഴെ ചേർത്തിരിക്കുന്ന റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | തുക | ഫണ്ട് | ആസ്തിയുടെ യുണീക് നമ്പർ | ചെലവ് നടത്തിയപ്പോൾ രേഖപ്പെടുത്തിയ ശീർഷകം | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | 132/19 | പാലക്കപറമ്പ് സംഗീത ക്ലബ് കനാൽ ബണ്ട് റോഡ് റൈറ്റ് ടാറിംഗ് വാർഡ്-17<br>ട്രഷറി ബിൽ നമ്പർ 7 തീ 31/05/2018 | 145263 | മെയിന്റനൻസ് -റോഡ് | 177310050000000049 | ആദ്യം 412010101-Capital work in progress എന്ന ശീർഷകം പിന്നീട് 410300102-Roads Tarred എന്ന ശീർഷകത്തിലേക്ക് മാറ്റി. | ടാറിംഗ് പ്രവൃത്തി-ജലസേചനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. (എ3/2446/2015 തീ 28/12/2016, തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം.) |
| 2. | 151/19 | കോട്ടായി കപ്പേള മതിക്കുന്ന് കനാൽ ബണ്ട് റോഡ് സോളിംഗ്.<br>ട്രഷറി ബിൽ നമ്പർ 9 തീ 31/05/2018 | 481165 | വികസനഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 177300107000000003 | "" | അനുമതി -എ13/1385/2018(1) തീ 06-09-2018 |
| 3. | 94/19 | നായരങ്ങാടി യുവലയം ക്ലബ് കനാൽ ബണ്ട് റോഡ് മെറ്റലിംഗ്,ടാറിംഗ്, വാർഡ് 14<br>ട്രഷറി ബിൽ നമ്പർ 74 തീ 19/3/2019 | 549924 | മെയിന്റനൻസ് ഫണ്ട് റോഡ് | 177300103200000002 | "" | "" |
| 4. | 161/19 | പാലക്കപറമ്പ് സംഗീത ക്ലബ് കനാൽ റോഡ് (Right) പാർശ്വ സംരക്ഷണം വാർഡ് -17<br>ട്രഷറി ബിൽ നമ്പർ 21 തീ 14/08/2018 | 146398 | മെയിന്റനൻസ് ഫണ്ട് റോഡ് | 177310050000000049 | 252200101-Roads-General | "" |
| 5. | 135/19 | പാലക്കപറമ്പ് നവധാര ക്ലബ് റോഡ് ലെഫ്റ്റ് മെറ്റലിംഗ് ടാറിംഗ് റീച്ച് -11<br>ട്രഷറി ബിൽ നമ്പർ 8 തീ 31/5/2018 | 54006 | "" | 177310050000000048 | ആദ്യം 412010101-Capital work in progress എന്ന ശീർഷകം പിന്നീട് 410300102-Roads Tarred എന്ന ശീർഷകത്തിലേക്ക് മാറ്റി. | അനുമതി-എ3/2446/2015 തീ 28/12/2016, |
| 6. | 152/19 | പാലക്കപ്പറമ്പ് സംഗീത ക്ലബ് കനാൽ റോഡ്(റൈറ്റ്)സോളിംഗ്,മെറ്റലിംഗ്,ടാറിംഗ് വാർഡ്-17<br>ട്രഷറി ബിൽ നമ്പർ 35 തീ 1/12/2018 | 291735 | വികസനഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 177310050000000049 | "" | അനുമതി -എ13/1385/2018(1) തീ 06-09-2018 |
| 7. | 149/19 | വെള്ളാനിക്കോട് പ്ലാവിൻകുന്ന് കപ്പേള (ലെഫ്റ്റ്)കനാൽ ബണ്ട് റോഡ്,സോളിംഗ്,മെറ്റലിംഗ്,ടാറിംഗ്, വാർഡ്-10<br>ട്രഷറി ബിൽ നമ്പർ 10 തീ 07/06/2018 | 441286 | "" | 177300102400000002 | | അനുമതി ലഭ്യമാണോയെന്ന് വ്യക്തമല്ല. |
| 8 | 129/19 | പള്ളിക്കുന്ന് കനാൽ ബണ്ട് റോഡ് റീ ടാറിംഗ്,സോളിംഗ്,മെറ്റലിംഗ്,ടാറിംഗ്, വാർഡ്-7 | 389553 | മെയിന്റനൻസ് ഫണ്ട് റോഡ് | 177300107100000001 | "" | "" |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ട്രഷറി ബിൽ നമ്പർ 15 തീ 31/5/2018 | | | | | |
| 9. | 131/19 | പാലക്കപ്പറമ്പ് നവധാര ക്ലബ് കനാൽ ബണ്ട് റോഡ് ലെഫ്റ്റ് മെറ്റലിംഗ് ടാറിംഗ് വാർഡ്-17<br><br>ട്രഷറി ബിൽ നമ്പർ 5 തീ 31/5/2018 | 334240 | മെയിന്റനൻസ് ഫണ്ട് റോഡ് | 177310050000000048 | “” | അനുമതി-എ3/2446/2015 തീ 28/12/2016, |
| 10 | 78/19 | അമലഭവൻ കനാൽ റോഡ് സോളിംഗ് മെറ്റലിംഗ് ടാറിംഗ് വാർഡ് -9<br><br>ട്രഷറി ബിൽ നമ്പർ 45 തീ 7/1/2019 | 409653 | വികസനഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 177300101400000001- | “” | അനുമതി ലഭ്യമാണോയെന്ന് വ്യക്തമല്ല. |
| 11. | 155/19 | വെള്ളാനിക്കോട് പ്ലാവിൻകുന്ന് കപ്പേള (ലെഫ്റ്റ്)കനാൽ ബണ്ട് റോഡ് മെറ്റലിംഗ്,ടാറിംഗ്, വാർഡ്-10<br><br>ട്രഷറി ബിൽ നമ്പർ 3 തീ 31/5/2018 | 484604 | മെയിന്റനൻസ് ഫണ്ട് റോഡ് | 17730010240000002 | “” | അനുമതി ലഭ്യമാണോയെന്ന് വ്യക്തമല്ല. |

മേൽ പ്രവൃത്തികളിൽ ജലസേചനവകുപ്പിന്റെ ഉടമസ്ഥാവകാശത്തിലുള്ള കനാൽ വഴികളിലാണ് പഞ്ചായത്ത് റോഡുകൾ നിർമിച്ചിരിക്കുന്നത്.ഇതുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

1.ജലസേചന വകുപ്പിന്റെ അനുമതി പത്രം പ്രകാരം റോഡുകളുടെ പൂർത്തീകരണ ശേഷവും ഉടമസ്ഥാവകാശം ആ വകുപ്പിൽ നിക്ഷിപ്തമായിരിക്കും.എന്നാൽ ഈ റോഡുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും യുണീക് നമ്പർ നൽകിയതായും കാണുന്നു. ക്രമനമ്പർ 4 ഒഴികെയുള്ള എല്ലാ പ്രവൃത്തികളുടെയും ചെലവുകൾ ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യുകയും പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ജലസേചന വകുപ്പിന്റെ ഉടമസ്ഥാവകാശത്തിലുള്ള ആസ്തി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി മേൽ രീതിയിൽ രേഖപ്പെടുത്തിയത് ഉചിതമല്ല .

2.ക്രമ നം. 7, 10, 11 എന്നീ പ്രവൃത്തികൾക്ക് ജലസേചനവകുപ്പിൽ നിന്ന് അനുമതി വാങ്ങിയിട്ടില്ല.

3.വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നിവ ഉപയോഗിച്ച് ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് നിർമാണം, മെയിന്റനൻസ് എന്നിവ ഏറ്റെടുക്കാൻ സർക്കാർ അനുമതി നല്കിയിട്ടില്ലാത്തതാകുന്നു. പഞ്ചായത്തിന് കൈമാറികിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിന്റെ സ്ഥലത്ത് ഫണ്ട് വിനിയോഗത്തിന്റെ മാർഗ്ഗരേഖകളിൽ അനുവദിക്കാത്ത പ്രവൃത്തി നടത്തിയത് ശരിയായ നടപടിയല്ല. റോഡുകൾ ഗതാഗതത്തിന് യോഗ്യമാകാത്തവിധം തകർന്നതിനാലും ഇറിഗേഷൻ വകുപ്പിന് ഫണ്ടിന്റെ കുറവ് ഉള്ളതിനാലും പൊതുജന താത്പര്യാർത്ഥം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്താണ് പ്രവൃത്തി നടപ്പാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സർക്കാരിന്റെ അനുമതി വാങ്ങിയ ശേഷം മാത്രം പദ്ധതി നടപ്പാക്കേണ്ടതായിരുന്നു. ആയതിനാൽ മേൽ പ്രവൃത്തികൾക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതുണ്ട്.മേൽ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി 9 തീയ്യതി 28/11/2019) ഖണ്ഡിക 3 ന് മാത്രം മേൽ രീതിയിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# 1-22 പണി തുടങ്ങാത്തതിനാൽ ഉപേക്ഷിച്ച പ്രോജക്റ്റുകൾ- കരാറുകാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ സ്പിൽ ഓവർ ആയി മാറ്റിയിട്ടും പണി തുടങ്ങാത്തതിനാൽ പഞ്ചായത്ത് ഈ പ്രവൃത്തികൾ ഉപേക്ഷിച്ചതായി കാണുന്നു.
നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

| ക്ര.ന | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | പ്രതീക്ഷിക്കപ്പെടുന്ന കരാർ തുക | കരാറുകാരൻ | കരാർ തീയ്യതി | സൈറ്റ് കൈമാറിയ തീയ്യതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | സ്പിൽ ഓവർ 2019-20 ലേക്ക് | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1. | 188/18 | പൊതു ടോയ്‌ലെറ്റ് നിർമാണം വാർഡ്-7 | 2,94,598 | പ്രശാന്ത് പി എസ് | 27/12/2017 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 4 മാസം (സാങ്കേതികാനുമതി പ്രകാരം)-26/4/2018 | 170/19 | പി.ഡബ്ലിയു.ഡി സ്ഥലത്തിന്റെ അധീനതയിൽ പ്രോജക്റ്റ് ഉൾപ്പെടുന്ന |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | സ്ഥലം.പണി പൂർത്തീകരിച്ചിട്ടില്ല. |
| 2. | 64/19 | എസ്.എം.എസ് റോഡ് ഡ്രെയിൻ കൺസ്ട്രക്ഷൻ വാർഡ് 4,2 | 4,05,709 | എം.എൻ വിജയൻ | 03/08/2018 | 03/08/2018 | 02/02/2019 | --- | പണി പൂർത്തീകരിച്ചിട്ടില്ല. |
| 3. | 71/17-18 | പൊന്നൂക്കര മാത്തിച്ചിറ ടി പി സീതരാമൻ റോഡ് റീ ടാറിംഗ് വാർഡ് 5 | 6,75,000 | രഞ്ജിത് എം വി | 31/3/2018 | 31/3/2018 (കരാറുകാരൻ ഒപ്പ് വച്ചിട്ടില്ല) | 30/6/2018 | 143/19 | “” |
| 4. | 112/17-18 | ആദൂർ പൊതു ശ്മശാനം ആധുനീകരണം വാർഡ്-13 | 4,93,858 | പ്രശാന്ത് പി എസ് | 5/1/2018 | 05/01/2018(കരാറുകാരൻ ഒപ്പ് വച്ചിട്ടില്ല) | 6 മാസം (സാങ്കേതികാനുമതി പ്രകാരം) -4/7/18 | 153/19 | “” |

തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 20.08.2019 ലെ 4(5)നമ്പർ യോഗ തീരുമാനം ഇപ്രകാരമാണ്. “...2018-19 വാർഷിക പദ്ധതിയിൽ മരാമത്ത് പ്രവൃത്തികൾ കരാറുകാർ ആരംഭിക്കാത്തതിനാൽ ഭരണസമിതി തീരുമാനപ്രകാരം ഉപേക്ഷിച്ച പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാർക്ക് തിരിച്ച് നൽകുന്നതിന് വേണ്ടി നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജി ഡി യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.” എന്നാൽ കരാറുകാർ പ്രവൃത്തി തുടങ്ങാത്തതുകൊണ്ടു മാത്രമാണോ പ്രവൃത്തി ഉപേക്ഷിച്ചതെന്ന് വ്യക്തമല്ല. കരാറുകാർ പ്രവൃത്തി ആരംഭിക്കാത്തതുകൊണ്ടാണെങ്കിൽ കരാറിലെ വ്യവസ്ഥ നമ്പർ 9 പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടിയിരുന്നതും കരാർ റദ്ദ് ചെയ്ത് മറ്റൊരു ഏജൻസിയെ കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതും ആയതിന്റെ അധികചെലവ് കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടിയിരുന്നതുമാണ്. എന്നാൽ ഇപ്രകാരം നിയമപരമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ആയതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 16 തീ 30/11/2019) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് പ്രവൃത്തികൾ ഉപേക്ഷിച്ചതെന്നും ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും കരാർ വ്യവസ്ഥകൾക്കും കേരള പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 2116.2 നും അനുസൃതമായി തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 1-23 ആസ്തിരജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ ഇല്ല. ആസ്തികൾ ആസ്തി രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തുന്നില്ല-റവന്യൂ ചെലവായി എഴുതിതള്ളുന്നു.

നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഫർണിച്ചറുകൾ വാങ്ങുകയും ഓഫീസിൽ ഫർണിഷിംഗ് പ്രവൃത്തികൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം നിർദ്ദേശിച്ച മാതൃകയിൽ ഫർണിച്ചറുകൾക്ക് വേണ്ടിയുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തിട്ടില്ല. മാത്രമല്ല ഈ തുകകൾ ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെടുകയും ബാലൻസ്ഷീറ്റിലെ ആസ്തിയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു.

| ക്ര.ന | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | തുക | ശീർഷകം | കുറിപ്പ് |
|---|---|---|---|---|---|
| 1 | 188/19 | ഐ.എസ്.ഒ സർട്ടഫിക്കേഷന | 8,00,000 | 252300101-Public | കബോർഡുകൾ,ടേബിളുകൾ |

| | | | | | |
|---|---|---|---|---|---|
| | | വേണ്ടി ഫ്രണ്ട് ഓഫീസ്,റെക്കോഡ് റൂം സജ്ജമാക്കൽ | ചെക്ക് നമ്പർ 0450 തീയ്യതി 23/3/2019 (റിക്കവറി തുകകൾ കുറച്ച് ബാക്കി തുക രൂപ784000ആർട് കോ ക്ക് നല്കിയത്) | building General<br>വൌച്ചർ നമ്പർ 21801161 തീ 21/3/2019 | |
| 2. | 190/19 | ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം | 14,50,000<br>ചെക്ക് നമ്പർ 6914304 തീയ്യതി 23/3/2019 (റിക്കവറി തുകകൾ കുറച്ച് ബാക്കി തുക 1421000 രൂപ ആർട് കോ ക്ക് നല്കിയത്) | 252300101-Public building General<br>വൌച്ചർ നമ്പർ 21801079 തീ 28/2/2019 | എക്സിക്യൂട്ടീവ് ടേബിളുകൾ,മറ്റ് ഫർണിച്ചറുകൾ |

ഇവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഭൌതികപരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തക്ക രീതിയിൽ നടപ്പുവർഷം രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 16 തീ 30/11/2019)

# 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ-പട്ടികജാതി ആണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല- 115775രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ-SOO20/19

നിർവഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്സ്

ട്രഷറി ബിൽ നമ്പർ- 6/13.3.19-84351

7/13.3.19-84351

8/13.3.19-56234

9/20.3.19-84351

10/20.3.19-84351

മേൽ പ്രോജക്ട് പ്രകാരം NISDON INFOWAY എന്ന സ്ഥാപനത്തിൽ നിന്നും 17 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.(23155*17= 393635)ആയതിൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾ പട്ടികജാതി ആണെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1രാഖി.കെ.ആർ,കൊല്ലേരി വീട്

2സന്ധ്യ .പി.കെ, പറച്ചേരി

3 വിവേക്.പി.എസ്.,പള്ളാത്തേരി ഹൗസ്

4അതുല്യ .എം.എം,മാമ്പുള്ളി ഹൗസ്

5അനുപമ .പി.ആർ.പോത്തിക്കര

രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 115775രൂപ തടസ്സപ്പെടുത്തുന്നു

# 1-25 തൊഴിലുറപ്പ് - ഗ്രാമസഭ സർക്കാർ നിർദ്ദേശത്തിനനുസൃതമായി സംഘടിപ്പിക്കപ്പെട്ടില്ല.

സർക്കുലർ നം.394/ഡിഡി2/2017/തസ്വഭവ തീ.18.09.2017 പ്രകാരം ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണപ്രക്രിയയിലൂടെ 2018-19വർഷത്തേക്കുള്ള മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ 2017 ഒക്ടോബർ മാസം 2-ാംതീയ്യതി പ്രത്യേക തൊഴിലുറപ്പ് ഗ്രാമസഭ സംഘടിപ്പിച്ച് ആരംഭിക്കേണ്ടതാണെന്നും പ്രത്യേക ഗ്രാമസഭയിൽ സർക്കുലറിൽ നിർദ്ദേശിക്കപ്പെട്ട തരത്തിൽ അജണ്ടകൾ ഉൾപ്പെടുത്തേണ്ടതാണെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക ഗ്രാമസഭയിൽ തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ കുടുംബങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഗ്രാമസഭാ മിനിറ്റ്സ് പരിശോധിച്ചതിൽനിന്നും സർക്കാർ നിർദ്ദേശിച്ച പ്രകാരം ഗ്രാമസഭകൾ സംഘടിപ്പിക്കപ്പെട്ടില്ലെന്ന് കാണുന്നു. സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിന് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 സെക്രട്ടറിയുടെ പദ്ധതിനിർവ്വഹണത്തിലെ ചെലവിൽ കുറവ്

തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കാൻ വിഭാവനം ചെയ്ത പദ്ധതികളുടെ ചെലവിനത്തിൽ വളരെ കുറഞ്ഞ തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| | |
|---|---|
| ആകെ അടങ്കൽ | 97,95,318 |
| ചെലവ് | 57,88,293 |
| ശതമാനം | 59.09 |

ഇതിൽ തന്നെ വിവിധ വിഭാഗം ഫണ്ടുകളുടെ ചെലവ് പ്രത്യേകം പരിശോധിക്കുമ്പോൾ അസാധാരണമാം വിധത്തിലുള്ള കുറവ് ചെലവിൽ കാണുന്നുണ്ട്.

| | |
|---|---|
| പൊതു വിഭാഗം വികസനഫണ്ട് | 61.48% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 20% |
| ജില്ലാ പഞ്ചായത്ത് വിഹിതം | 14.16% |

ഇത്തരത്തിൽ ചെലവിൽ കുറവ് വരാനുണ്ടായ സാഹചര്യത്തിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12) ഏതാനും പദ്ധതികളിലെ നിർവ്വഹണത്തിലെ കാലതാമസമാണ് ചെലവ് ശതമാനം കുറയാനിടയാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടാകുന്ന കാലതാമസം പരിഹരിച്ച് 13-ാം പഞ്ചവത്സര കാലയളവിൽ 'സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന തലത്തിലേക്ക് കേരളത്തെ എത്തിക്കുക'യെന്ന സംസ്ഥാനസർക്കാരിന്റെ ലക്ഷ്യം പൂർണ്ണതയിലെത്തിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനങ്ങളും സർക്കാരിനൊപ്പം മുന്നിൽനിന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

## 1-27 ജൈവവള നിർമ്മാണ യൂണിറ്റ് - മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിനു മുൻപ് മുൻകൂർ നൽകി

പൂർണ്ണമായും ശുചിത്വ മിഷൻ ഫണ്ടിങ്ങോടുകൂടി തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന ജൈവവള നിർമ്മാണ യൂണിറ്റ്(SO-179/19) എന്ന പദ്ധതിക്ക് ശുചിത്വ മിഷൻ എക്സി.ഡയറക്ടറുടെ 08.03.18-ലെ 3921/സി1/2012/എസ്.എം. നം ഉത്തരവു പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. 28.03.18-ലെ 045038 നം.ചെക്ക് പ്രകാരം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററിൽ നിന്നും ശുചിത്വ മിഷൻ വിഹിതമായ 7,80,000രൂപ ലഭിച്ചിട്ടുണ്ട്. തുടർന്ന് നിർവ്വഹണ ഏജൻസിയായ IRTC, Mundur -ന് അടങ്കൽതുകയുടെ 20% തുകയായ 2,60,000രൂപ ചെക്ക് നം.2329645/05.12.18 പ്രകാരം നൽകിയിട്ടുണ്ട്.

ഖരമാലിന്യ പ്ലാന്റുകളുടെ നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടത് 09.03.12-ലെ സ.ഉ.(ആർ.റ്റി.)നം.718/2012/ തസ്വഭവ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണമെന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അംഗീകാരത്തിനും വിധേയമായി മാത്രമേ ഏയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കാൻ പാടുള്ളൂവെന്നും സാങ്കേതികാനുമതി നൽകിയ ഉത്തരവിൽ അനുശാസിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നിഷ്കർഷകൾ അനുസരിച്ചാണോ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ എടുത്തിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറി നം.13 പ്രകാരം വിശദീകരണം ചോദിച്ചതിന് മലിനീകരണ നിയന്ത്രണബോർഡിൽനിന്നും അനുമതി ലഭിച്ചതിനുശേഷമേ പ്രവൃത്തി ആരംഭിക്കുകയുള്ളൂ എന്ന മറുപടിയാണ് ലഭിച്ചത്.

സാങ്കേതികാനുമതി പത്രത്തിൽ നിഷ്കർഷിക്കുന്ന അംഗീകാരം ലഭിക്കാതെ നിർവ്വഹണ ഏജൻസിക്ക് തുക കൈമാറിയത് ശരിയായ നടപടിയല്ലാത്തതിനാൽ മുൻകൂർ നൽകിയ തുക 2,60,000രൂപ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതുവരെ തടസ്സത്തിൽ വെക്കുന്നു.

## 1-28 തൊഴിലുറപ്പ് പദ്ധതി - ഉത്പാദനക്ഷമമായ സാമൂഹിക ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുക വഴി അവരുടെ ജീവിത സന്ധാരണത്തിന് അധിക വരുമാനം സൃഷ്ടിക്കുന്നതോടൊപ്പം സ്ഥായിയായതും ഉത്പാദനക്ഷമവുമായ സാമൂഹിക ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. ആസ്തികളുടെ നിർമ്മാണത്തിന് സാധനസാമഗ്രികളുടെ വിനിയോഗം അത്യാവശ്യമാണെന്നതുകൊണ്ട് സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സുതാര്യമാക്കുന്നതിന് സർക്കാർ നിശ്ചിത നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽനിന്നും 2018-19 സാമ്പത്തിക വർഷത്തിൽ 3,32,55,565രൂപ കൂലി ഇനത്തിൽ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടെങ്കിലും സാധനസാമഗ്രികൾക്കായി തുകയൊന്നും തന്നെ ചിലവഴിച്ചതായി കാണുന്നില്ല. പഞ്ചായത്തിന്റെ 2018-19 വർഷത്തെ ഷെൽഫ് ഓഫ് പ്രൊജക്റ്റ്, വാർഷിക കർമ്മപദ്ധതി എന്നിവ പരിശോധിച്ചതിൽനിന്നും സാധനഘടകം ഉപയോഗിക്കാവുന്ന നിരവധി പ്രവൃത്തികൾ ഉൾപ്പെടുന്നതായി കാണുന്നു.

ഈ സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ നയത്തിനുവിരുദ്ധമായി സാധനഘടകം ഉപയോഗിക്കാതെ പ്രവൃത്തികൾ ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14) സാധനഘടകം ഉപയോഗിച്ച് നടത്താവുന്ന പദ്ധതികൾക്ക് നിരവധി തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും തയ്യാറായില്ല എന്ന മറുപടിയാണ് ലഭിച്ചത്. ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് അവരുടെ ജീവിത സന്ധാരണത്തിന് അധിക വരുമാനം സൃഷ്ടിക്കുന്നതോടൊപ്പം ഉത്പാദനക്ഷമമായ സാമൂഹിക ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുന്നതിന് ഉതകുന്നതരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കേഷൻ നം/ തിയ്യതി |
|---|---|---|
| 2018-19 | 24.7.2019,25.7.2019 | കെ.എസ്.എടി.എസ്.ആർ (എസ് 1) 1120/19()31.8.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | മുച്ചക്രവാഹനം | 72,000 | 128000 |
| | | 15,36,210 | ഭവന നിർമ്മാണം (ലൈഫ്) | 15,36,210 | 0 |
| | | 1,00,000 | തണൽമന്ദിരം | 0 | 1,00,000 |

| | | | | | |
|---|---|---|---|---|---|
| | | 1,50,000 | പാൽ സബ്സിഡി | 1,50,000 | 0 |
| | | 2,58,500 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 | 1,08,500 |
| | | 1,10,500 | റൈസ്ഡവലപ്പ്മെന്റ് | 1,10,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000 | ക്ഷീരസംഘങ്ങൾ വഴി പാലിന് സബ്സിഡി | 2,00,000 | 0 |
| | | 7,30,617 | ഭവന നിർമ്മാണം (ലൈഫ്) | 7,30,617 | 0 |
| | | 114666 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 114666 | 0 |
| | | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | Water connection to Anganwadies | 41600137 | 83000 | 83000 | പൂർത്തീകരിച്ച | ഇല്ല |
| KWA | കല്ലംപറമ്പ് റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21801260 | 50000 | 50000 | പൂർത്തീകരിച്ച | ഇല്ല |
| KWA | പീച്ചാംപിള്ളി-അംഗൻവാടി വാട്ടർ കണക്ഷൻ | 21801123 | 24000 | 24000 | പൂർത്തിയായിട്ടില്ല | ഇല്ല |
| KWA | പ്രൈമറി സ്കൂൾ വാട്ടർകണക്ഷൻ | 41800206 | 50000 | 50000 | പൂർത്തിയായിട്ടില്ല | |
| KSEB Vettukad | Streetmain Extension | 21601163 | 144602 | 144602 | പൂർത്തീകരിച്ച | ഇല്ല |
| KSEB Marathakkara | Streetmain Extension | 21601163 | 115390 | 115390 | പൂർത്തീകരിച്ച | ഇല്ല |
| KSEB Pudukad | Streetmain Extension | 21601163 | 229539 | 229539 | പൂർത്തീകരിച്ച | ഇല്ല |
| KSEB Pudukad | Streetmain Extension | 21601166 | 200000 | 200000 | പൂർത്തീകരിച്ച | ഇല്ല |
| KSEB Pudukad | Streetmain Extension | 21801124 | 71501 | 71501 | പൂർത്തീകരിച്ച | ഇല്ല |
| KSEB Pudukad | Streetmain Extension | 21801335 | 46916 | 46916 | പൂർത്തീകരിച്ച | ഇല്ല |
| KSEB Pudukad | Streetmain Extension | 21801343 | 411127 | 411127 | പൂർത്തീകരിച്ച | ഇല്ല |
| KSEB Pudukad | Streetmain Extension | 21801343 | 226043 | 226043 | പൂർത്തീകരിച്ച | ഇല്ല |
| KSEB | Streetmain | 21801343 | 43165 | 43165 | പൂർത്തീകരിച്ച | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| Pudukad | Extension | | | | | | |

B-18 പ്രകാരം KSEB യുടെ നീക്കിയിരിപ്പ് 1528783 രൂപയാണ്. ആയതിന്റെ വിശദംശങ്ങൾ ഹാജരാക്കിയിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ്ഗാന്ധി ഭവന പദ്ധതി | GO (MS) No 83/13 LSGD dt 11/3/2013 | 18850000 | 13131267 | 150000 | 1340913 | 11631267 |
| HUDCO | | 7226212 | | | | 7226212 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-7 | 524 | Sankaranarayanan ,Instant press | 118070101779 dt 28/7/2019 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച് | റിപ്പോർട്ട് സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറിനു സമർപ്പിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-1 | 2016-17 | അനുബന്ധം-4 | തൊഴിൽനികുതി ഈടാക്കാത്തതു സംബന്ധിച്ച് | റിപ്പോർട്ട് സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറിനു സമർപ്പിച്ചിട്ടുണ്ട് |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 93870705 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76672519 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 375775 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 115775 | ഇന്ദിര,ഹെഡ്മിസ്ട്രസ്. |
| 1-27 | 260000 | സി.ജി ജയകൃഷ്ണൻ,സെക്രട്ടറി |
| ആകെ | 375775 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-20 | 60,391 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇന്ദിര, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് | തെക്കൂട്ട് വീട്, മണ്ണുത്തി |

| | | |
|---|---|---|
| | തൃക്കൂർ | |
| ജയകൃഷ്ണൻ.സി.ജി, സെക്രട്ടറി | സീനിയർ സൂപ്രണ്ട് PAU2 | ചക്കാലക്കൽ(H) മൂർക്കനിക്കര കൊഴുക്കുള്ളി.പി,ഒ തൃശ്ശൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1981-82 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 82-83 | എൽ.എഫ്.ടി.എസ്. 2-825/11 തീയതി 28.10.11/6.12.11 |
| 84-85 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 86-87,87-88 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 88-89,89-90,91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 94-95 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 95-96 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 96-97(ചെലവ്) | എൽ.എഫ്.ടി.11-893/99, തീയതി 19.4.99 |
| 96-97(ഫൈനൽ) | എൽ.എഫ്.ടി.11-154/06, തീയതി 31.5.06 |
| 97-98ചെലവ് | എൽ.എഫ്.ടി.893/99 തീയതി19.4.99 |
| 97-98ഫൈനൽ | എൽ.എഫ്. ടി.11-155/06, തീയതി 31.5.06 |
| 98-99ചെലവ് | എൽ.എഫ്.ടി11-662/00, തീയതി 1.9.00 |
| 98-99ഫൈനൽ | എൽ.എഫ്.ടി.11-1526/00, തീയതി 18.10.06 |
| 99-00,00-01,01-02പദ്ധതി ചെലവ് | എൽ.എഫ്.ടി.11-1069/03, തീയതി 26.9.03 |

| | |
|---|---|
| 99-00ഫൈനൽ | എൽ.എഫ്.ടി.11-1527/06, തീയതി 20.10.06 |
| 00-01 | എൽ.എഫ്.ടി.11-1683, തീയതി 4.10.08 |
| 01-02 | എൽ.എഫ്.ടി.11-2361/07, തീയതി 4.10.08 |
| 02-03 | എൽ.എഫ്.ടി.11-2370/07, തീയതി 4.10.08 |
| 03-04 | എൽ.എഫ്.ടി.11-1364/08, തീയതി 3.8.09 |
| 04-05 | എൽ.എഫ്.ടി.11-1365/08, തീയതി 3.8.09 |
| 05-06 | എൽ.എഫ്.ടി.11-1620/09, തീയതി 8.8.10 |
| 06-07 | എൽ.എഫ്.ടി.11-1621/09, തീയതി 18.8.10/31.1.11 |
| 07-08 | എൽ.എഫ്.ടി.(പി5)370/11, തീയതി 11.3.11 |
| 08-09 | എൽ .എഫ്.ടി.(പി5)371/11, തീയതി 15.3.11 |
| 09-10 | എൽ .എഫ്.ടി.(പി5)372/11, തീയതി 15.3.11 |
| 10-11 | എൽ .എഫ്. ടി.(പി4)710/12 തീയതി 18.9.12/2.3.13 |
| 11-12 | എൽ.എഫ്. ടി.(പി8) 1568/13 തീയതി 14.3.14/12.5.14 |
| 12-13 | എൽ. എഫ്.ടി.(പി8) 379/14, തിയതി 12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. (പി8) 560/15/20.8.15/ 12.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി6) 1256/16/ 28.7.2016 |
| 15-16 | കെ .എസ്.എ.ടി. എസ്.ആർ.(പി6) 2058/16/ 22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ. (പി6)1442/17 Dt.09.10.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ. (പി6)1840/18 തീ.04.12.18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം<br>
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ